(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്രപേരെ നോട്ടറിയായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) നോട്ടറിയായി നിയമിക്കപ്പെടുന്നവരിൽ നിന്നും ഫീസ് ഈടാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1952-ലെ നോട്ടറീസ് ആക്റ്റിലെ 3-ാം വകുപ്പിലെയും 1956-ലെ നോട്ടറീസ് റൂൾസിലെ 4,6,7,8 ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുസരിച്ചാണ് നോട്ടറിമാരെ നിയമിക്കുന്നത്.

(ബി) സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ 773 പേർ നോട്ടറിമാരായി പ്രവർത്തിക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 258 പേർ നോട്ടറിമാരായി നിയമിതരായിട്ടുണ്ട്.

(ഡി) ഫീസ് ഈടാക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥയുണ്ട് ; 1956 ലെ നോട്ടറീസ് റൂൾസിലെ റൂൾ 9 അനുസരിച്ച് നോട്ടറിയായി നിയമിക്കപ്പെടുന്ന ആൾ സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് ലഭിക്കുന്നതിലേക്കായി 1,000 രൂപ ഫീസ് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

16192/99-ാം നമ്പർ കേസ്സിൽ സർക്കാരിനുവേണ്ടി ഹാജരായ അഡ്വക്കേറ്റ്

149 (3339) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിനു വേണ്ടി ഹൈക്കോടതിയിലെ ഒ.പി. നമ്പർ 16192/99 കേസ് വാദിക്കാൻ ആരാണ് ഹാജരായത് ;

(ബി) ഈ കേസ് വാദിക്കാനായി ഹാജരായ അഡ്വക്കേറ്റിന് ഫീസിനത്തിൽ എന്തു തുക ഇതുവരെ നൽകിയിട്ടുണ്ട് ;

(സി) ഈ അഡ്വക്കേറ്റ് വേറെ ഏതെങ്കിലും കേസിൽ സർക്കാരുമായി ബന്ധപ്പെട്ടതോ, സംസ്ഥാനത്തു നടന്ന തിരഞ്ഞെടുപ്പു കേസുമായി ബന്ധപ്പെട്ട കേസുകളിൽ സംസ്ഥാന സർക്കാരിന് വേണ്ടിയോ സർക്കാരിന് എതിരെയോ വാദിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് നടന്ന ഇലക്ഷൻ കേസിൽ ഏതിലെങ്കിലും ഈ അഡ്വക്കേറ്റ് സുപ്രീം കോടതിയിൽ ഹാജരായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) ഇത്ര ഭീമമായ തുക ഈ അഡ്വക്കേറ്റിന് നൽകാനുണ്ടായ കാരണം എന്തെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാരിന് വേണ്ടി ഹൈക്കോടതിയിലെ ഒ.പി. നമ്പർ 16192/99-കേസ് വാദിക്കാൻ സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകൻ ശ്രീ. അശോക് ദേശായ് ആണ് ഹാജരായത്.

(ബി) ശ്രീ. അശോക് ദേശായിക്ക് ഒ.പി. 16192/99 നമ്പർ കേസിനും ബന്ധപ്പെട്ട ഒ.പി. 25875/98, 26396/98 എന്നീ കേസുകൾക്കും ആയി പത്തു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) സീനിയർ അഭിഭാഷകരെ സംസ്ഥാനത്തിന്റെ കേസുകൾ ഏൽപ്പിക്കുമ്പോൾ അവർക്ക് അർഹമായ ഫീസ് ആണ് അവരുടെ വൈദഗ്ദ്യം കണക്കിലെടുത്ത് ഏ.ജി. ശുപാർശ ചെയ്യുന്നതനുസരിച്ച് അനുവദിക്കാറുള്ളത്.

പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം

150 (3340) ശ്രീ. എൻ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ പഞ്ചായത്തിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് അവ ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തത് നിമിത്തം പ്രൈമറി ഹെൽത്ത് സെന്ററുകൾ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയാതെ വരുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ആയി ഉയർത്തുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ഇ) ഈ വർഷം എത്ര ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ആയി ഉയർത്തി; ആ നടപടിക്കെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം പഞ്ചായത്തും, കോട്ടയം ജില്ലയിലെ ആർപ്പുക്കര പഞ്ചായത്തും ഒഴികെ എല്ലാ പഞ്ചായത്തുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly